Theyyam Report

KDS , in collaboration with Kasargode campus of Kannore university, had organized a workshop on Socio Economic and Health Problems of Theyyam Dancers . The workshop was organized as a part of a study sponsored Ministry of Social Justice & Empowerment, Government of India. .Theyyam is a popular ritualistic folk dance form of Northern region of Kerala. Theyyam dancers belong to different classes of Scheduled Castes of Kerala. Most of them have been undergoing a struggle for a livelihood and they have been fighting for their survival with acute poverty and poor health. Please find below a news paper coverage of the workshop.



മലയാള മനോരമ 2013 ഒക്ടോബർ 25 വെള്ളി

# തെയ്യം നിലനിൽക്കാൻ കലാകാരന്മാരുടെ ജീവിതം ഭദ്രമാകണം: ശിൽപശാല

**തെയ്യം കലാകാരന്മാരുടെ പ്രശ്നങ്ങൾ പഠിക്കാനുള്ള ശിൽപശാലയിൽ പങ്കെടുത്തത് 67 കലാകാരന്മാർ**

നീലേശ്വരം ● തെയ്യം കലാകാരന്മാരുടെ സാമൂഹിക, സാമ്പത്തിക, ആരോഗ്യപ്രശ്നങ്ങൾ പഠിച്ച് കേന്ദ്രസർക്കാരിനു റിപ്പോർട്ട് നൽകാൻ ഒരുക്കിയ ശിൽപ്പശാലയിൽ കലാകാരന്മാരുടെ സജീവ പങ്കാളിത്തം.

കണ്ണൂർ സർവകലാശാല മലയാള വിഭാഗം, ന്യൂഡൽഹിയിലെ കേരള ഡവലപ്മെന്റ് സൊസൈറ്റി എന്നിവയുടെ നേതൃത്വത്തിൽ നടന്ന ശിൽപ്പശാലയിൽ കാസർകോട്, കണ്ണൂർ ജില്ലകളിൽനിന്നു 67 തെയ്യം കലാകാരന്മാർ പങ്കെടുത്തു.

ക്ഷേമപെൻഷൻ, കുടുംബ ഇൻഷുറൻസ്, പരിശീലന കേന്ദ്രങ്ങൾ എന്നിവ കലാകാരന്മാരുടെ ജീവിതസാഹചര്യം ഉയർത്തുന്നതിന് ആവശ്യമാണെന്നു ശിൽപ്പശാല വിലയിരുത്തി.

സ്വയംതൊഴിൽ കണ്ടെത്താനുള്ള സാഹചര്യം സർക്കാർ സഹായത്തോടെ ഒരുക്കുന്നില്ലെങ്കിൽ അതിജീവനം സാധ്യമല്ല. വിദ്യാഭ്യാസ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം.

തെയ്യം അനുഷ്ഠാനകലയായി നിലനിൽക്കണമെങ്കിൽ കലാകാരന്റെ ജീവിതം ഭദ്രമാകണമെന്നും ചർച്ചയിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. വണ്ണാൻ, മലയൻ, കോപ്പാളൻ, നൽക്കദായ സമുദായ പ്രതിനിധികൾ, കലാകാരന്മാർ, ആചാരക്കാർ, കോലധാരികൾ, സംഘടനാ പ്രവർത്തകർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

സൊസൈറ്റി ഡയറക്ടർ ഡോ. ജേക്കബ് ജോൺ ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. കോലധാരികളുടെ പ്രശ്നങ്ങളിന്മേൽ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സാമൂഹിക നീതി, ശാക്തീകരണ മന്ത്രാലയത്തോട് ആവശ്യപ്പെടുമെന്ന് ഇദ്ദേഹം പറഞ്ഞു.

ഡോ. ടി. ശശിധരൻ അധ്യക്ഷനായി. മലയാള വിഭാഗം തലവനും നീലേശ്വരം ക്യാംപസ് ഡയറക്ടറുമായ ഡോ. എ.എം. ശ്രീധരൻ, ഡോ. വി.പി. രാഘവൻ, ടി. പത്മനാഭൻ, സി.പി. കൃഷ്ണൻ, കൃഷ്ണൻ പണിക്കർ, ഗംഗാധരൻ, ശശി, ബാലകൃഷ്ണൻ, എം.വി. കൃഷ്ണൻ, എ. കണ്ണൻ, സന്തോഷ്, മനോഹരൻ, രാജൻ പണിക്കർ, എം. ശ്രീധരൻ എന്നിവർ പ്രസംഗിച്ചു.

തെയ്യം കലാകാരന്മാരുടെ പ്രശ്നങ്ങൾ പഠിക്കാൻ കണ്ണൂർ സർവകലാശാലയുടെ നീലേശ്വരം ക്യാംപസിൽ നടന്ന ശിൽപ്പശാല കേരള ഡവലപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഡോ. ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്യുന്നു.